ഉത്തരം

(എ) 24-5-1982-മുതൽ 23-8-1985-വരെ 357 ബലാൽസംഗക്കേസുകൾ ഉണ്ടായിട്ടുണ്ട്. ബാക്കി വിവരം ശേഖരിച്ചുവരുന്നു.

(ബി, സി, ഡി. ഇ. എഫ്) വിവരം ശേഖരിച്ചു വരുന്നു.

ആഭ്യന്തര വകുപ്പിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ നിയമനം

186. [257] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

ഹരിജന–ഗിരിജന വർഷത്തിൽ ആഭ്യന്തര വകുപ്പിൽ ഓരോ വിഭാഗത്തിലുമായി പട്ടികജാതി-പട്ടികവർഗ്ഗക്കാരിൽ നിന്നും എത്രപേരെ പ്രത്യേകമായി നിയമിച്ചിട്ടുണ്ട് ;

ഉത്തരം

396 പേരെ നിയമിച്ചിട്ടുണ്ട്. ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

1. പോലീസ് വകുപ്പ്	
ഡി. വൈ. എസ്. പി.	— 2
അസിസ്റ്റന്റ് കമാൻഡന്റ്	— 1
ആംഡ് പോലീസ് ഇൻസ്പെക്ടർ	— 4
റിസർവ് ഇൻസ്പെക്ടർ	— 3
സബ് ഇൻസ്പെക്ടർ	— 39
എഫ്. സി. സർച്ചർ	— 1
ഡ്രൈവർ	— 15
ക്യാംപ് ഫോളോവർമാർ	— 7
പോലീസ് കോൺസ്റ്റബിൾമാർ	— 323
റിപ്പോർട്ടർ ഗ്രേഡ് 2	— 1
2. ജയിൽവകുപ്പ്	
ജയിൽ വാർഡർ	— 2
3. ഫയർഫോഴ്സ് വകുപ്പ്	
അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ	— 1
ഫയർമെൻ	— 2
ഫയർമെൻ ഡ്രൈവർ-കം പമ്പ് ഓപ്പറേറ്റർ	— 3
4. നീതിന്യായവകുപ്പ്	

വിവരം ശേഖരിച്ചു വരുന്നു.

സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ

187. [258] ശ്രീ. പി. പി. തങ്കച്ചൻ :
,, ടി. എച്ച്. മുസ്തഫ :
,, കെ. രാഘവൻ മാസ്റ്റർ :
,, രമേശ് ചെന്നിത്തല :
,, ബെന്നി ബഹനാൻ :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ :

LIBRARY ARCHIVES Kerala Legislative Assembly